പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5209 05.07.2012 -ലെ മറുപടി

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് - കം - ഷോപ്പിംഗ് കോംപ്ലക്സ്

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് - കം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ ബസ് ഡിപ്പോയുടെ പ്രവർത്തനത്തിന് കൂടുതൽ സൗകര്യം ഉറപ്പാക്കുന്ന തരത്തിൽ പദ്ധതിയുടെ രൂപകൽപന പുനഃപരിശോധിച്ച് മാറ്റങ്ങൾ വരുത്തി പുതിയ ഡിസൈൻ തയ്യാറാക്കുന്നതിന് കെ.എസ്.ആർ.ടി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇപ്പോഴുള്ള ഡിസൈൻ അനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; | (സി) | Shops, commercial space, bus terminal എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും. |
| (ഡി) | നിർമ്മാണച്ചുമതല ആർക്കാണെന്നും നിർമ്മാണച്ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (ഡി) | കെ.റ്റി.ഡി.എഫ്.സി.യെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. പുതിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ നിർമ്മാണ ചെലവ് നിർണയിക്കാൻ സാധിക്കുകയുള്ളു. |

| | | | |
|---|---|---|---|
| (ഇ) | സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഇ) | പുതിയ ഡിസൈൻ അനുസരിച്ചുള്ള സ്ട്രക്ച്ചറൽ ഡിസൈനും, എസ്റ്റിമേറ്റിനും, ഭരണാനുമതി നൽകിയതിന് ശേഷം ദർഘാസ് പ്രമാണങ്ങൾ തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ